(Pages : 4) **N – 3852**

Reg. No. : .............................

Name : ..................................

# First Semester B.A. Degree Examination, June 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course – I

## ML 1141 : നോവൽസാഹിത്യം

## (2021 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ഒരഗ്നിജ്വാല തന്നെ എന്ന് ചന്ദ്രൻ ആരെക്കുറിച്ചാണ് വിചാരിക്കുന്നത്?

2. മലയാള നോവൽസാഹിത്യചരിത്രം രചിച്ചതാര്?

3. കവിൾത്തടം നീണ്ടു കവിഞ്ഞുള്ള മന്ദഹാസം കൊണ്ട് പ്രശസ്തനായ വ്യക്തിയാര്?

4. കമ്പ്യൂട്ടർ എന്ന സങ്കല്പം ആദ്യമായി കടന്നുവരുന്ന മലയാള നോവൽ ഏത്?

5. 1996-ൽ മുട്ടത്തുവർക്കി പുരസ്കാരം നേടിയ കൃതിയേത്?

6. എസ്.കെ. പൊറ്റെക്കാടിന് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കൃതിയേത്?

7. വിലായത്ത് ബുദ്ധ എന്ന കഥയ്ക്ക് പശ്ചാത്തലമായി വർത്തിക്കുന്ന പ്രദേശം ഏതാണ്?

8. രാജലക്ഷ്മിയുടെ അപൂർണ്ണനോവൽ ഏതാണ്?

P.T.O.

VTM NSS COLLEGE LIBRARY

9. സി.വി. രാമൻ പിള്ളയുടെ സാമൂഹിക നോവൽ ഏത്?

10. 'നോവൽ സിദ്ധിയും സാധനയും' എന്ന കൃതി രചിച്ചതാരാണ്?

**(10 × 1 = 10 Marks)**

II. **അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. ഈ രംഗം കിട്ടുണ്ണി നായരുടെ ഹൃദയം ചലിപ്പിക്കുകയുണ്ടായി. ഏത് രംഗം?

12. ചന്ദനമരത്തെ ജനവും ജനാധിപത്യവുമായി ഉപമിക്കുന്നതിലെ സാംഗത്യം വ്യക്തമാക്കുക.

13. ഇന്ദുലേഖയുമായുള്ള സംഭാഷണത്തിൽ സൂരിനമ്പൂതിരിപ്പാടിനെ അസ്വസ്ഥമാക്കിയ കാര്യങ്ങൾ എന്തെല്ലാം?

14. മലയാളികൾ ഒരത്ഭുതജനതയാണെന്ന്, ചോദ്യം ചെയ്യാനെത്തിയ ആൾ ഭരതനോട് പറയാൻ കാരണമെന്ത്?

15. എന്താണ് അസ്തിത്വദർശനം?

16. പശ്ചാത്തലം എന്ന വാക്കിന് എം. അച്യുതൻ നല്കുന്ന അർത്ഥഭേദങ്ങൾ എന്തെല്ലാമാണ്?

17. വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകളിലെ നവോത്ഥാനപ്രവണതകൾ വിലയിരുത്തുക.

18. നോവലിലെ പരിസ്ഥിതി ദർശനത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

19. നോവെല്ലകളും റൊമാൻസുകളും എന്താണെന്ന് പരിശോധിക്കുക.

20. സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്ക് കേന്ദ്രീകൃതമാകുന്ന പ്രമേയവും ഭാഷയുമാണ് ആധുനികതയുടെ കാലത്തെ നോവലുകളിൽ കാണുന്നത്. - വിശദീകരിക്കുക.

21. ആ മനുഷ്യനാണ് മഹാൻ എന്ന് ശിവൻ അഹമ്മദിനെക്കുറിച്ച് ചിന്തിക്കുന്നതെന്തുകൊണ്ട്?



VTM NSS COLLEGE LIBRARY

22. 'ഒരു മഴ തോർന്നതുപോലെ ജ്യോതിഷിയുടെ പ്രസംഗവും അവസാനിച്ചു' - എന്തായിരുന്നു പ്രസംഗം?

23. സഹയാത്രികൻ പെട്ടെന്ന് പോക്കറ്റടിക്കാരനായി പരിണമിക്കുമ്പോൾ മറ്റവന്റെ മുഖത്തുണ്ടാകുന്ന ഭയാനകമായ അന്യത്വമാണ് സാവിത്രിയും പ്രദർശിപ്പിച്ചത്. വിശദീകരിക്കുക.

24. മലയാളത്തിലെ നായർ സ്ത്രീകളെപ്പറ്റി ഇന്ദുലേഖ മാധവനോട് പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

25. ഉള്ളിലെവിടെയോ ഒരു ചങ്ങല അറ്റു എന്ന് രമണി ചിന്തിക്കുന്നതെപ്പോഴാണ്?

26. ഒ.വി. വിജയന്റെ നോവലുകളുടെ സവിശേഷതകളെന്തെല്ലാമാണ്?

**(8 × 2 = 16 Marks)**

III. **നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

27. സ്ത്രീ എന്നാൽ പുരുഷന്റെ അടിമയല്ല എന്ന് തെളിയിക്കുന്ന കഥാപാത്രമാണ് കമലം. സമർത്ഥിക്കുക.

28. പകയുടെയും പ്രതികാരത്തിന്റെയും കഥയായി വിലായത്ത് ബുദ്ധ മാറുന്നതെങ്ങനെ?

29. 'ഇംഗ്ലീഷ് ഭാഷയോടുള്ള അമിതമായ വിധേയത്വം ഇന്ദുലേഖ എന്ന നോവലിൽ കാണാൻ കഴിയും' - സ്വമതം സ്ഥാപിക്കുക.

30. അമ്പി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

31. ഗ്രാമത്തിന്റെയും നഗരത്തിന്റെയും പശ്ചാത്തലം ഇടകലർത്തിയാണ് ഉഷ്ണമേഖല എന്ന നോവലിന്റെ നിർമ്മിതി. വിശദീകരിക്കുക.

32. അനുഭവയാഥാർത്ഥ്യത്തെ സ്പർശക്ഷമമാകുംവണ്ണം ആവിഷ്ക്കരിക്കുന്നതിൽ എം.ടി. ക്കുള്ള കഴിവ് മഞ്ഞ് എന്ന നോവലിൽ പ്രകടമാകുന്നതെങ്ങനെയാണ്?

33. ഒരു തെരുവിന്റെ കഥ എന്ന നോവലിൽ തെരുവ് എങ്ങനെയാണ് ഒരു കഥാപാത്രസ്ഥാനത്തേക്ക് ഉയരുന്നതെന്ന് വിശദീകരിക്കുക.

VTM NSS COLLEGE LIBRARY

34. ഇതിവൃത്തം, ആഖ്യാനം തുടങ്ങിയവ എങ്ങനെയാണ് ആധുനികോത്തര നോവലുകളുടെ ഗതി നിയന്ത്രിക്കുന്ന ഘടകങ്ങളായിത്തീർന്നതെന്ന് പരിശോധിക്കുക.

35. മലയാളനോവലിന്റെ പ്രാരംഭചരിത്രം ചുരുക്കി പ്രതിപാദിക്കുക.

36. 'സ്വന്തമായി സൃഷ്ടിച്ച തടവറയിലേക്ക് ചുരുണ്ടു കൂടുന്ന രമണിയാണ് ഒരു വഴിയും കുറേ നിഴലും എന്ന കഥയിലുള്ളത്' - സമർത്ഥിക്കുക.

37. 1960 കളിൽ നോവൽ സങ്കല്പത്തിൽ വന്ന മാറ്റങ്ങളെന്തെല്ലാമാണ്?

38. വ്യക്തിപൂർണ്ണമായും ഊർന്നുപോയി രാവിലത്തെ ഇഡലിസ്വാദും യൂനിഫോമിന്റെ ഇസ്തിരിവടിവുമായി സാവിത്രി ദാമുവിൽ പുനർജ്ജനിച്ചതെപ്പോൾ?

**(6 × 4 = 24 Marks)**

IV. **മൂന്നൂറു വാക്കിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.**

39. സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ പ്രതിനിധാനം എന്ന നിലയിൽ നോവലിന്റെ പ്രാധാന്യവും പ്രസക്തിയും കണ്ടെത്തുക.

40. എന്താണ് ഉത്താരധുനികത? മലയാളനോവലിന്റെ സമകാല അവസ്ഥയിൽ നിന്നുകൊണ്ട് ഇതിനു യോജിച്ച ഒരു സാംസ്കാരികപരിസരം നിലവിലുണ്ടോയെന്ന് കണ്ടെത്തുക.

41. ഇന്ദുലേഖ എന്ന നോവൽ മുന്നോട്ടു വെക്കുന്ന പുരോഗമനപരമായ ആശയങ്ങളെ വിമർശനദൃഷ്ട്യാ പരിശോധിക്കുക.

42. ഭരതന്റെ കഥയും അനുഭവവും ഒരു രാജ്യത്തെ മുഴുവൻ പൗരന്മാരുടെയും കഥയും അനുഭവവുമായി മാറുന്ന കൈയൊതുക്കം കോവിലൻ തന്റെ നോവലിൽ പ്രകടിപ്പിക്കുന്നു - വിശദീകരിക്കുക.

43. ആധുനികത മുന്നോട്ടുവെച്ച ദർശനങ്ങൾ മലയാള നോവലെഴുത്തുകാരിൽ എത്രമാത്രം പ്രകടമാണെന്ന് കണ്ടെത്തുക.

44. അറുപതുകളിൽ നിലവിൽ വന്ന സാമൂഹികജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും സവിശേഷതകൾ ആഖ്യാനം ചെയ്യുന്ന നോവലാണ് ഒരു തെരുവിന്റെ കഥ - സമർത്ഥിക്കുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY